**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **07-10-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീസർവ്വേയുടെ പുരോഗതി വ്യക്തമാക്കാമോ; റീസർവ്വേ നടപടികൾ വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ബാക്കി 757 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കുവാൻ ശേഷിക്കുന്നുണ്ട്. ടി വില്ലേജുകളിൽ നിലവിൽ 29 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പുരോഗതിയിലാണ്. കൂടാതെ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ഡിജിറ്റലായി റീസർവ്വെ നടത്തിയ 87 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വെ നടപടികൾ നടന്നുവരുന്ന 29 വില്ലേജുകൾ ഒഴികെ ബാക്കി 1550 വില്ലേജുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി സമയബന്ധിതമായി തന്നെ ടി ജോലികൾ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും RTK (Real Time Kinematic) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്റ്റ് സർവ്വെയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും അതിലേയ്ക്കായി ആദ്യ ഘട്ടത്തിൽ റീബിൽഡ് കേരള ഇൻഷ്യറ്റീവ് ൽ നിന്ന് ഭരണാനുമതി നൽകിയ 339.438 കോടി രൂപ ഉൾപ്പടെ നാല് ഘട്ടങ്ങൾക്കായി ആകെ 807.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | റീസർവ്വേ പൂർത്തിയാകാതെ സംസ്ഥാനത്തിന്റെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | റീസർവ്വെ പൂർത്തിയാകാതെ സംസ്ഥാനത്തിന്റെ കൈവശമുള്ള ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കാത്തതാണ്. |
| (സി) | സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിലും സ്പെഷ്യൽ ലാന്റ് ട്രിബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന കേസുകൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | 01-04-1964 ന് മുൻപ് ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും, കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും, ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. സംസ്ഥാനത്ത് 17 ലാൻഡ് ട്രൈബ്യൂണലുകളും 15 സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകളും 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളുമാണുള്ളത്. ഇവിടങ്ങളിലായി ഒരു ലക്ഷത്തിൽ പരം കേസുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തി വരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും പരിശീലനവും നൽകി വരുന്നു. ഈ സർക്കാരിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ പതിനായിരത്തോളം കേസുകൾ തീർപ്പാക്കാനും അർഹതയുണ്ടായിരുന്ന 7000 ത്തോളം പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം നൽകാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ